(ബി) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പുവഴി നടപ്പാക്കുന്ന പ്രസ്തുത പദ്ധതിയിൽ നാളിത് വരെ എത്ര കർഷകർ ചേർന്നിട്ടുണ്ട് എന്നറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കായി 2014-15-ലെ ബഡ്ജറ്റിൽ എന്ത് തുകയാണ് നീക്കിവച്ചിരുന്നത്;

(ഡി) അതിൽ എന്ത് തുക ചെലവഴിച്ചു എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) നടപ്പാക്കിയിട്ടില്ല

(സി & ഡി) 2014-15 -ലെ ബജറ്റിൽ തുക വക കൊള്ളിച്ചിരുന്നില്ല.

പച്ചക്കറികളിലെ കീടനാശിനി

160 (2995) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിപണനം നടത്തുന്ന പച്ചക്കറികളിലെ കീടനാശിനി സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; ഇവയുടെ വിപണനം നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പച്ചക്കറികളിലെ കീടനാശിനിയുടെ അളവ് പരിശോധിച്ച് നടപടികൾ സ്വീകരിക്കാൻ ചെക്ക് പോസ്റ്റുകളിൽ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത് എന്ന് വിശദമാക്കാമോ;

(സി) ചെക്ക് പോസ്റ്റുകളിലെ പരിശോധനയെത്തുടർന്ന് കീടനാശിനി തളിച്ച പച്ചക്കറികൾ കണ്ടെത്തിയിരുന്നോ; എങ്കിൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) പഴങ്ങളിലും പച്ചക്കറികളിലും അടങ്ങിയിരിക്കുന്ന കീടനാശിനിയുടെ അംശം എത്രയെന്ന് കണ്ടുപിടിക്കാൻ വിള്വനശാലകളിൽനിന്ന് സാമ്പിൾ എടുത്ത് പരിശോധന നടത്തുന്ന ഒരു പുതിയ പ്ലാൻ സ്കീം 'സേഫ് ടു ഈറ്റ്' കാർഷിക സർവ്വകലാശാലയും കൃഷിവകുപ്പും ചേർന്ന് 2013 ജനുവരിയിൽ ആരംഭിച്ചു. വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലബോറട്ടറിയിൽ എത്തിച്ചാണ് പരിശോധന നടത്തുന്നത്. തിരുവനന്തപുരം, കാസർഗോഡ് നഗരങ്ങളിലെ പച്ചക്കറിക്കടകൾ, ജൈവപച്ചക്കറി

LIBRARY ARCHIVES Kerala Legislative Assembly

കടകൾ, സൂപ്പർ ഹൈപ്പർ മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്ന് ശേഖരിച്ച പച്ചക്കറികൾ പരിശോധിച്ച് അവയിലെ വിഷാംശത്തിന്റെ തോത് അനുസരിച്ച് പരിശോധനാഫലം കാർഷിക സർവ്വകലാശാല, കൃഷിവകുപ്പ് എന്നിവയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. ഇതുവഴി ഉപഭോക്താക്കൾക്ക് ആവശ്യമായ മുന്നറിയിപ്പ് ലഭിക്കുന്നു.

അന്യസംസ്ഥാനത്തുനിന്നും വരുന്ന പഴങ്ങൾ, പച്ചക്കറികൾ എന്നിവയിൽ കീടനാശിനിയുടെ അംശം കണ്ടെത്തിയിട്ടുണ്ട്. ചെക്ക് പോസ്റ്റ് കേന്ദ്രീകരിച്ച് ഉത്സവ കാലയളവുകളിൽ സ്പെഷ്യൽ സ്ക്വാഡുകളെ നിയോഗിച്ച് പച്ചക്കറികൾ കൊണ്ടുവരുന്ന വാഹനങ്ങൾ പരിശോധിക്കുകയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്യാറുണ്ട്. കൂടാതെ പ്രത്യേക സാഹചര്യങ്ങളിൽ അതിർത്തി ചെക്ക് പോസ്റ്റുകളുള്ള ജില്ലയിൽ പ്രത്യേക ജാഗ്രതാ നിർദ്ദേശം നൽകി അതിർത്തി കടന്ന് വരുന്ന ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ കൂട്ടത്തലായി ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. എല്ലാ മാസവും ചെക്ക്പോസ്റ്റ് കേന്ദ്രീകരിച്ചുള്ള പരിശോധനയും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി&സി) ചെക്ക്പോസ്റ്റുകളിൽ ഇത്തരം പരിശോധനകൾക്ക് സ്ഥിരം സംവിധാനങ്ങളില്ല. എന്നാൽ അന്യസംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവരുന്നവ ഉൾപ്പെടെ എല്ലാത്തരം ഭക്ഷ്യോത്പന്നങ്ങളുടെയും സാമ്പിളുകൾ ചെക്ക്പോസ്റ്റുൾപ്പെടെയുള്ള സ്ഥലങ്ങളിൽനിന്ന് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കീഴിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലുള്ള അനലിറ്റിക്കൽ ലാബുകളിലും കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള പെസ്റ്റിസൈഡ് റെസിഡ്യു ടെസ്റ്റിംഗ് ലാബിലും അയച്ച് പരിശോധിക്കാറുണ്ട്. പരിശോധനകൾ കർശനമാക്കുന്നതിലൂടെ ഇക്കാര്യത്തിൽ മാറ്റമുണ്ടാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കാർഷികമേഖലയിലെ വികസനത്തിനായുള്ള ചെലവ്

161 (2996) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികമേഖലയുടെ സമഗ്രവികസനത്തിനായി ഏർപ്പെടുത്തിയ ഇടുക്കി, കുട്ടനാട്, വയനാട് പാക്കേജുകൾക്കായി നാളിതുവരെ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഇതുവരെ എത്ര കർഷകർ ഗുണഭോക്താക്കളായിയെന്ന് പറയാമോ;

(സി) ഓരോ പദ്ധതികൾക്കും കേന്ദ്രം വാഗ്ദാനം ചെയ്ത തുകയും ലഭിച്ച തുകയും എത്ര; വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly